# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 54

26.02.2018 ൽ മറുപടിക്ക്

## അഖിലേന്ത്യ സർവ്വീസിലുള്ള ഉദ്യോഗസ്ഥർ

**ചോദ്യം:**
**ശ്രീ. എ.പി.അനിൽ കുമാർ**

**ഉത്തരം :**
**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ അഖിലേന്ത്യ സർവ്വീസിലുള്ള എത്ര ഉദ്യോഗസ്ഥർ ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും അവർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അർദ്ധ വേതനാവധി, ആർജിത അവധി, പരിവർത്തിത അവധി, പ്രസവാവധി, ചൈൽഡ് കെയർ ലീവ്, പഠനാവധി തുടങ്ങിയ അനുവദനീയമായ അവധി അപേക്ഷകളുടെ അടിസ്ഥാനത്തിൽ താഴെപറയുന്ന 8 അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്ക് ആറു മാസത്തിൽ കൂടുതൽ കാലയളവിൽ അവധി അനുവദിച്ചിട്ടുണ്ട്:

**ഐ.എ.എസ്.**

(1) ശ്രീ. ജി. കമലവർദ്ധനറാവു ഐ.എ.എസ്
(2) ശ്രീ. എൻ. പ്രശാന്ത് ഐ.എ.എസ്
(3) ശ്രീമതി. ഭണ്ഡാരി സ്വാഗത് രൺവീർ ചന്ദ് ഐ.എ.എസ്
(4) ശ്രീമതി. നവ്ജ്യോത് ഖോസ ഐ.എ.എസ്

**ഐ.പി.എസ്.**

(1) ഡോ. റ്റി.പി. സെൻകുമാർ ഐ.പി.എസ്

**ഐ.എഫ്.എസ്.**

(1) ശ്രീ.പ്രമോദ് ജി.കൃഷ്ണൻ ഐ.എഫ്.എസ്.
(2) ശ്രീ. എൽ.ചന്ദ്രശേഖർ ഐ.എഫ്.എസ്.
(3) ശ്രീ.ജി.ഫണീന്ദ്ര കുമാർ റാവു ഐ.എഫ്.എസ്.

(ബി) ഈ കാലയളവിൽ അഖിലേന്ത്യ സർവ്വീസിലുള്ള എത്ര ഉദ്യോഗസ്ഥർ കേന്ദ്ര ഡെപ്യൂട്ടേഷൻ വാങ്ങിപ്പോയെന്നും, അവർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ അഖിലേന്ത്യാ സർവ്വീസിലുള്ള ചുവടെ പറയുന്ന 13 ഉദ്യോഗസ്ഥർ കേന്ദ്ര ഡെപ്യൂട്ടേഷൻ വാങ്ങിപ്പോയിട്ടുണ്ട്.

**ഐ.എ.എസ്.**

(1) ശ്രീ.ഇന്ദർജിത്ത് സിംഗ് ഐ.എ.എസ്.
(2) ശ്രീ.സത്യജിത്ത് രാജൻ ഐ.എ.എസ്.
(3) ശ്രീ.പ്രശാന്ത്.എൻ ഐ.എ.എസ്.

**ഐ.പി.എസ്.**

(1) ശ്രീ.ജി.സോമശേഖർ ഐ.പി.എസ്. (UN Deputation).
(2) ശ്രീ.എസ്.സുരേഷ് ഐ.പി.എസ്.
(3) ശ്രീ.രാജ്പാൽ മീണ ഐ.പി.എസ്.
(4) ഡോ.എസ്.സതീഷ് ബിനോ ഐ.പി.എസ്.

(5) ശ്രീമതി.എസ്.അജിതാബീഗം ഐ.പി.എസ്.

**ഐ.എഫ്.എസ്.**

(1) ശ്രീ.ആർ.കമലഹാർ ഐ.എഫ്.എസ്.

(2) ശ്രീമതി.റ്റി.ഉമ ഐ.എഫ്.എസ്.

(3) ശ്രീ.പി.കെ.പതക് ഐ.എഫ്.എസ്.

(4) ശ്രീ.ഡി.കെ.വർമ്മ ഐ.എഫ്.എസ്.

(5) ശ്രീമതി.പ്രകൃതി ശ്രീവാസ്തവ ഐ.എഫ്.എസ്. (Foreign Assignment)

**(സി)** ഈ കാലയളവിൽ അഖിലേന്ത്യാ സർവ്വീസിലുള്ള എത്ര ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ആർക്കെല്ലാമെതിരെ എന്തു ശിക്ഷണ നടപടിയാണ് സ്വീകരിച്ചതെന്നും എന്തു കാരണത്താലാണ് ശിക്ഷണ നടപടി സ്വീകരിച്ചതെന്നും വ്യക്തമാക്കമോ?

**(സി)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചുവടെയുള്ള 11 അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഐ.എ.എസ്.**

(1) ശ്രീ.പി.എസ്.മുഹമ്മദ് സാഗിർ ഐ.എ. എസ്

കാസർഗോഡ് ജില്ലാ കളക്ടറായിരിക്കെ അനധികൃത മണൽ കടത്തുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത വാഹനങ്ങൾ നിസ്സാര പിഴ ചുമത്തി വിട്ടയച്ചതുമായി ബന്ധപ്പെട്ട് അച്ചടക്ക നടപടി സ്വീകരിക്കുകയും 18.01.2018 ലെ സ.ഉ (സാധാ)നം. 366/2018/പൊ.ഭ.വ പ്രകാരം തുടർ നടപടി അവസാനിപ്പിച്ച് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

(2) ശ്രീ. അനിൽ. എക്സ് ഐ.എ.എസ്.

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് മാനേജിംഗ് ഡയറക്ടറായിരിക്കെ കേരള സ്റ്റേറ്റ് അഗ്രോ കോ-ഓപ്പറേറ്റീവ് ബാങ്ക് (അഗ്രീൻകോ), കണ്ണൂർ-ന് വായ്പ അനുവദിച്ചത് സംബന്ധിച്ച ക്രമക്കേടുകളുമായി ബന്ധപ്പെട്ട് അച്ചടക്ക നടപടി സ്വീകരിക്കുകയും 18.01.2018 ലെ സ.ഉ(സാധാ) നം. 365/2018/പൊ.ഭ.വ പ്രകാരം തുടർ നടപടി അവസാനിപ്പിച്ച് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

(3) ശ്രീ. ടി.ഒ. സൂരജ് ഐ.എ.എസ്

അനധികൃത സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ടും കളമശ്ശേരി ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ടും ശ്രീ.ടി.ഒ.സൂരജ് ഐ.എ.എസിനെതിരെ രണ്ട് വകുപ്പുതല അച്ചടക്ക നടപടികൾ നിലവിൽ സ്വീകരിച്ചു വരുന്നുണ്ട്. ലാന്റ് റവന്യൂ കമ്മീഷണർ ആയിരിക്കെ ഉപയോഗിക്കാത്ത സ്റ്റാമ്പ് പേപ്പറിന്റെ വില റീഫണ്ട് ചെയ്യാൻ ഉത്തരവ് നൽകിയതുമായി ബന്ധപ്പെട്ട് വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുകയും ആയത് 15.10.2017 ലെ സ.ഉ(സാധാ) നം.6456/2017/പൊ.ഭ.വ പ്രകാരം ഒരു താക്കീത് നൽകി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

(4) ശ്രീ. എൻ. പ്രശാന്ത് ഐ.എ.എസ്.

ശ്രീ. എൻ. പ്രശാന്ത് ഐ.എ.എസ്. കോഴിക്കോട് കളക്ടറായിരിക്കെ ശ്രീ. എം.കെ. രാഘവൻ എം.പിയെക്കുറിച്ച് സോഷ്യൽ മീഡിയയിലും മറ്റും അപകീർത്തികരമായി പരാമർശങ്ങൾ നടത്തിയെന്ന് കാണിച്ച് ബഹു. എം.പിയിൽ നിന്നും ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ടി ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയുണ്ടായി. 20.04.2017 ലെ സ.ഉ(സാധാ) നം. 2466/2017/പൊ.ഭ.വ പ്രകാരം ശ്രീ.എൻ.പ്രശാന്ത് ഐ.എ.എസിന് ഒരു 'non recordable warning' നൽകി തീർപ്പാക്കുകയും ചെയ്തു.

(5) ശ്രീ. അശോക് കുമാർ സിംഗ് ഐ.എ.എസ്.

ഭാര്യയ്ക്ക് ബി.എഡ് കോഴ്സിന് അഡ്മിഷൻ ലഭിക്കുന്നതിനായി വ്യാജ ബിരുദ സർട്ടിഫിക്കറ്റും മാർക്ക് ലിസ്റ്റുകളും സാക്ഷ്യപ്പെടുത്തി നൽകിയെന്ന ആരോപണവുമായി ബന്ധപ്പെട്ട് മുൻ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറായിരുന്ന ശ്രീ. അശോക് കുമാർ സിംഗ് ഐ.എ.എസിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും 12.10.2017 ലെ സ.ഉ(സാധാ) നം.6405/2017/പൊ.ഭ.വ പ്രകാരം ഒരു താക്കീത് നൽകി അച്ചടക്ക നടപടി തീർപ്പാക്കുകയും ചെയ്തു.

ഐ. പി. എസ്.

(1) ശ്രീ.രാഹുൽ ആർ.നായർ ഐ.പി.എസ്.

പത്തനംതിട്ട ജില്ലാ പോലീസ് മേധാവി യായി ചുമതല വഹിക്കുന്ന സമയത്ത് ക്വാറി/മെറ്റൽ ക്രഷർ യൂണിറ്റുമായി ബന്ധപ്പെട്ട അഴിമതിയാരോപണങ്ങളിൻമേലുള്ള അച്ചടക്ക നടപടി തുടർന്നുവരികയാണ്.

(2) ശ്രീ.ജി.ലക്ഷ്മൺ ഐ.പി.എസ്.

സപ്ലൈകോയുടെ സ്റ്റാഫ് ക്വാർട്ടേഴ്സിൽ അനധികൃതമായി താമസിക്കുന്നതിനെതിരെ ലഭിച്ച പരാതിയിൻമേൽ ശിക്ഷണ നടപടികൾ സ്വീകരിക്കുകയും 21.06.2017 ലെ സ.ഉ. (സാധാ.) നം. 3946/2017/പൊ.ഭ.വ. ഉത്തരവ് പ്രകാരം താക്കീത് നൽകി ശിക്ഷണനടപടി അവസാനിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(3) ശ്രീമതി.ആർ.നിശാന്തിനി ഐ.പി.എസ്.

യൂണിയൻ ബാങ്ക് മാനേജരായ ശ്രീ.പേഴ്സി ജോസഫ് ഡെസ്മണ്ടിനെ വ്യാജപരാതിയുടെ അടിസ്ഥാനത്തിൽ 26.07.2011 ൽ തൊടുപുഴ പോലീസ് സ്റ്റേഷനിൽ വച്ച് പോലീസുകാർ അപമാനിക്കുകയും ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്തുവെന്ന ആരോപണത്തിന്റെ

അടിസ്ഥാനത്തിൽ ശ്രീമതി.ആർ.നിശാന്തിനി ഐ.പി.എസ്സിനെതിരെ അച്ചടക്കനടപടി സ്വീകരിച്ചുവരുന്നുണ്ട്.

(4) ശ്രീ.ഇ.ജെ.ജയരാജ് ഐ.പി.എസ്.

ഐ.ജി.പി. ക്രൈംസ് ആയിരുന്ന ശ്രീ.ഇ.ജെ.ജയരാജ് ഐ.പി.എസിനെ മദ്യപിച്ച നിലയിൽ ഔദ്യോഗിക വാഹനത്തിൽ കണ്ടെത്തിയ സംഭവം പൊതുജനങ്ങൾക്കിടയിൽ പോലീസ് സേനയ്ക്ക് അവമതിപ്പുണ്ടാക്കിയെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും തുടർന്ന് അച്ചടക്കനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്.

(5) ഡോ.ജേക്കബ് തോമസ് ഐ.പി.എസ്,

ഗാന്ധി സ്മാരകനിധിയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം പ്രസ്സ് ക്ലബ്ബിൽ 09.12.2017 ന് നടന്ന സെമിനാറിൽ സർക്കാരിന്റെ നയങ്ങൾക്കെതിരെ നിശിത വിമർശനം നടത്തിയ ഡോ.ജേക്കബ് തോമസ് ഐ.പി.എസ്സിനെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യുകയും തുടർന്ന് ടിയാനെതിരെ അച്ചടക്കനടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

ഐ.എഫ്.എസ്.

(1) ശ്രീമതി.റ്റി.ഉമ ഐ.എഫ്.എസ്.

തിരുവനന്തപുരം ഡിവിഷനിൽ സോമിൽ ലൈസൻസ് നൽകിയതിലെ ക്രമക്കേടുകൾ സംബന്ധിച്ചും, കുളത്തൂപ്പുഴ റെയിഞ്ചിൽപ്പെട്ട നാങ്കച്ചി പ്ലാന്റേഷനിൽ ഔട്ട്റൈറ്റ് സെയിലുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ചും ശ്രീമതി.റ്റി.ഉമ ഐ.എഫ്.എസിനെതിരെ അച്ചടക്കനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ